(ബി) ഇപ്പോൾ യൂറോപ്പിലാകമാനമുണ്ടായ കടുത്ത സാമ്പത്തികമാന്ദ്യത്തിന്റെ കാലത്തും കേരളത്തിലെത്തുന്ന വിദേശ വിനോദസഞ്ചാരികളുടെ വരവിൽ കുറവുണ്ടായിട്ടില്ല. മാത്രവുമല്ല 8% വാർഷിക വളർച്ച ഇക്കാലയളവിൽ ഉണ്ടായിട്ടുമുണ്ട്. സാമ്പത്തിക മാന്ദ്യം മുൻകൂട്ടികാണുന്ന പ്രതിസന്ധി വരുന്നതിനായി വിവിധ തരത്തിലുള്ള വിപണന തന്ത്രങ്ങൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ചികിത്സാ നിരക്ക് വർദ്ധന

11(*71) ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. വി. എച്ച്. തോമസ് :

ശ്രീ. തോൻസ് ജോസഫ് :

ശ്രീ. ടി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ ചികിത്സാ നിരക്കുകൾ വർദ്ധിപ്പിച്ചത് സാധാരണക്കാരെ ബുദ്ധിമുട്ടിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിർദ്ധനരായ രോഗികൾക്ക് പ്രതിരോധകരമായി ഉറപ്പുനൽകുന്ന ചികിത്സാ നിരക്ക് വർദ്ധനവ് പിൻവലിക്കുന്നതിനും പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനത്തിന് ആവശ്യമായ കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ&ബി) വർദ്ധിച്ചുവരുന്ന ചെലവുകൾ കണക്കിലെടുത്ത് കാലാകാലങ്ങളിൽ ക്രമ്യമായ ഇടവേളകളിൽ ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി ചികിത്സാ നിരക്കുകൾ പുനർനിർണ്ണയിക്കുന്നുണ്ടെന്നും 2016-ൽ ചികിത്സാ നിരക്കുകൾ 15% വർദ്ധിപ്പിച്ച് സാമ്പത്തികമായി പിന്നോട്ടുനിൽക്കുന്ന രോഗികളെ ബാധിക്കാതിരിക്കാൻവേണ്ട നടപടികൾ ഇൻസ്റ്റിറ്റ്യൂട്ട് കൈക്കൊണ്ടിട്ടുണ്ടെന്നും നിലവിലുണ്ടായിരുന്ന സബ്സിഡി പഴയപോലെ തുടരുന്നതിനാൽ ഇപ്പോഴത്തെ നിരക്കുവർദ്ധനവ് സാധാരണക്കാരെ കാര്യമായ സാമ്പത്തിക ബുദ്ധിമുട്ടിലാഴ്ത്തിയിട്ടില്ല എന്നാണാണ് ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly